(സി) ഈ മെഷീൻ വാങ്ങിയതിനുശേഷം എത്രനാൾ കഴിഞ്ഞാണ് ഇത് പ്രവർത്തിപ്പിക്കാൻ തുടങ്ങിയത്;

(ഡി) പ്രസ്തുത മെഷീൻ ഉപയോഗിച്ച് എന്തെല്ലാം ജോലികൾ നിർവ്വഹിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അല്ല. 47 ലക്ഷം രൂപ.

(ബി) പ്രസ്തുത മെഷീൻ വാങ്ങുന്നതിന് 30-3-2010-ൽ കമ്പനിക്ക് സപ്ലൈ ഓർഡർ നൽകുകയും 27-7-2010-ൽ മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ ടി മെഷീൻ ലഭിക്കുകയും ചെയ്തു.

(സി) പ്രവർത്തന സജ്ജമായിട്ടില്ല.

(ഡി) കമ്പ്യൂട്ടർ ടു പ്ലേറ്റ് എന്ന ആധുനിക സംവിധാനത്താൽ നേരിട്ട് കമ്പ്യൂട്ടറിൽ നിന്നും പ്ലേറ്റിലേക്ക് ഇമേജ് ട്രാൻസ്ഫർ ചെയ്യാവുന്നതാണ്. കമ്പ്യൂട്ടർ ടു പ്ലേറ്റ് ഉപയോഗിച്ച് കളർ സെപ്പറേഷൻ ചെയ്ത് പ്ലേറ്റിലേക്ക് ഇമേജ് നൽകുന്നു. സർക്കാർ പ്രസ്സിൽ ഏറ്റെടുക്കുന്ന എല്ലാ കളർ അച്ചടികളും ഈ മെഷീനിൽ അച്ചടിക്കാവുന്നതാണ്.

വാഴൂർ ഗവൺമെന്റ് പ്രസിന്റെ നവീകരണം

278(570) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ വാഴൂർ ഗവൺമെന്റ് പ്രസ്സിൽ, പ്രസ്സിന്റെ നവീകരണങ്ങൾക്കായി എന്തൊക്കെ കാര്യങ്ങൾ നടപ്പാക്കിയിട്ടുണ്ട്;

(ബി) പ്രസ്തുത പ്രസ്സിന്റെ നവീകരണങ്ങൾക്കായി എന്തൊക്കെ കാര്യങ്ങളാണ് വിഭാവന ചെയ്തിട്ടുള്ളത്?

• ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വാഴൂർ ഗവൺമെന്റ് പ്രസ്സിന്റെ നവീകരണവുമായി ബന്ധപ്പെട്ട് വിവിധയിനം ആധുനിക മെഷീനുകൾ വാങ്ങിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി കൊടുത്തിട്ടുണ്ട്.* വാഴൂർ ഗവൺമെന്റ് പ്രസ്സിലെ എച്ച്.റ്റി/എം.വി. ഇൻസ്റ്റലേഷൻ അപാകതകൾ 1,70,000 രൂപ ചെലവുചെയ്ത് പരിഹരിക്കുന്നതിനും 72,000 രൂപ ചെലവ് ചെയ്ത് EPABX സംവിധാനം ഏർപ്പെടുത്തിന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ മിന്നൽരക്ഷാചാലകം സ്ഥാപിക്കുന്നതിനുള്ള നടപടിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) വാഴൂർ ഗവൺമെന്റ് പ്രസ്സിലേക്ക് 1,59,54,534 രൂപ ചെലവിൽ ഒരു ഫോർ കളർ വെബ് ഓഫ്സെറ്റ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ ഏദേശം 25 ലക്ഷം രൂപ വില വരുന്ന ഒരു പ്രോഗ്രാമബിൾ കട്ടിംഗ് മെഷീൻ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

ഷൊർണ്ണൂർ സർക്കാർ പ്രസ്സിന്റെ നവീകരണവും വികസനവും

278(571) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഷൊർണ്ണൂർ സർക്കാർ പ്രസ്സിന്റെ നവീകരണത്തിനും വികസനത്തിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ;

(ബി) ഷൊർണ്ണൂർ പ്രസ്സിൽ വെബ് ഓഫ്സെറ്റ് മെഷീൻ സ്ഥാപിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) ഷൊർണ്ണൂർ ഗവ. പ്രസ്സിന്റെ നവീകരണവും വികസനവുമായി ബന്ധപ്പെട്ട് വിവിധയിനം ആധുനിക മെഷീനുകൾ വാങ്ങിയിട്ടുണ്ട്. അവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.* കൂടാതെ താഴെ പറയുന്നവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. റീൽ പേപ്പർ ഗോഡൗൺ നിർമ്മാണം-25 ലക്ഷം രൂപ വേസ്റ്റ് പേപ്പർ ഗോഡൗൺ നിർമ്മാണം-17 ലക്ഷം രൂപ, പ്രസ് കാർട്ടേഴ്സിന്റെ ചുറ്റുമതിൽ നിർമ്മാണം-25 ലക്ഷം രൂപ.

(ബി) 30-3-2010-ൽ കെ.എസ്.ഐ.ഇ.-യ്ക്ക് സപ്ലൈ ഓർഡർ നൽകുകയും പാർട്ട് പേമെന്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിച്ച തുക നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മെഷീൻ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് കെ.എസ്.ഐ.ഇ.-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly